(ബി) ഓരോ ജില്ലയുടെയും ആസ്ഥാനത്ത് മാത്രം കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നതുകൊണ്ട് മറ്റ് പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾ അവിടെ എത്താൻ ബുദ്ധിമുട്ട് അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യത്തിൽ എന്ത് പരിഹാര നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് 'മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം' എന്ന പേരിൽ 14 ജില്ലകളിലായി 16 പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ ആവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സൗജന്യമായി ലഭ്യമാക്കുന്ന പക്ഷം ഫാക്കൽറ്റികൾക്കുള്ള ഓണറേറിയം മാത്രം നൽകി പരിശീലന ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനകം 21 പരിശീലന ഉപകേന്ദ്രങ്ങൾ ആയിട്ടുണ്ട്.

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരണം

183 (1621) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ കോർപ്പറേഷൻ മുഖേന നാളിതുവരെയായി എന്തെല്ലാം വായ്പാ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത് ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി എത്ര രൂപ ഇതിനായി നീക്കിവെച്ചിട്ടുണ്ട് ; എത്ര രൂപ വായ്പയായി വിതരണം ചെയ്യുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ഫിനാൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് സ്വയംതൊഴിൽ വായ്പ, പ്രവാസി സ്വയംതൊഴിൽ വായ്പ, നിതാഖത്ത്

LIBRARY ARCHIVES Kerala Legislative Assembly

സ്വയംതൊഴിൽ വായ്പ, വിദേശത്ത് ജോലി നേടുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ (സ്റ്റുഡന്റ് പ്ലസ്, പാരന്റ് പ്ലസ്), ബിസിനസ് ഡവലപ്മെന്റ് വായ്പ, ഉദ്യോഗസ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) 9.2 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. നാളിതുവരെ 5.8 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ജോലി ചെയ്യുന്ന ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ വേതനം

184 (1622) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ന്യൂനപക്ഷ പ്രൊമോട്ടർമാരായി നിയമിച്ചവർക്ക് എത്ര രൂപയാണ് ഓണറേറിയമായി നിശ്ചയിച്ചിട്ടുള്ളത് ;

(സി) ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ ഓണറേറിയം എന്നുമുതൽ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 11-3-2013 മുതൽ.

(ബി) പ്രതിമാസം 4,000 രൂപ.

(സി) ഓണറേറിയം നൽകുന്നതിനുള്ള മുഴുവൻ തുകയും ജില്ലാകളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് ഉടൻതന്നെ വിതരണം പൂർത്തീകരിക്കും.

എം.എസ്.ഡി.പി.-യുടെ നടപ്പാക്കൽ

185 (1623) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എസ്.ഡി.പി.-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly